**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** **30-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിത-ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ പത്ത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ അവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ കുന്നത്തുകാൽ വില്ലേജിലെ സർവ്വെ നമ്പർ 94/2 ൽപ്പെട്ട 18.62 ആർ വസ്തു 1209/91 നമ്പർ വിലയാധാര പ്രകാരം കേരള ഗവർണ്ണർക്കുവേണ്ടി തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പേരിൽ ഹാരിസ് നാടാർ മുതൽപേർ തേക്കേതട്ട് പുത്തൻവീട്, നെല്ലിവിള കുന്നത്തുകാൽ വില്ലേജ് എന്നിവരിൽ നിന്ന് വാങ്ങിയിട്ടുള്ളതായി അറിയുന്നു. ടി സ്ഥലം 10 പേർക്ക് 4 സെന്റ് വീതം (പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതി പ്രകാരം) അനുവദിച്ച് നൽകിയിട്ടുള്ളതായി അറിയുന്നു. നിലവിൽ ടി സ്ഥലം വില്ലേജ് റിക്കാർഡ് പ്രകാരം ബ്ലോക്ക് 40ൽ റീസർവ്വെ 94/2 18.96 ആർ 1489 നമ്പർ തണ്ടപ്പേർ പ്രകാരം കുന്നത്തുകാൽ വില്ലേജിൽ ടി ദേശത്ത് നെല്ലിവിള തെക്കേ പുത്തൻവീട്ടിൽ യോവ്വനാടാർ ഹാരിസ് നാടാർ, ജ്ഞാനാൾ സോമിയാർ എന്നിവരുടെ പേരിൽ കിടക്കുന്നതായി കാണുന്നു. പ്രസ്തുത സ്ഥലം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പേരിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര തഹസിൽദാർ, കുന്നത്തുകാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്തു പ്രകാരം ടി സ്ഥലത്ത് 4 സെന്റ് വീതം പത്തു പേർക്ക് നൽകിയിട്ടുള്ളതും പത്തു പേരും ഒന്നിച്ച് പ്രമാണം വാങ്ങണമെന്ന് പട്ടികജാതി വികസന ഓഫീസർ നിർദ്ദേശിച്ചതിനാൽ പത്തുപേരും ഒന്നിച്ച് വരാത്തതിനാൽ പ്രമാണം ഓഫീസിൽ നിന്ന് കൈപ്പറ്റുവാൻ സാധിച്ചിട്ടില്ലെന്നും തുടർന്ന് ഓഫീസ് മാറിയതിനാൽ പ്രമാണം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 4 സെന്റ് വീതം ലഭിച്ചവർക്ക്** |

| | | | |
|---|---|---|---|
| | | | **പട്ടികജാതി വികസന വകുപ്പ് സ്ഥലം ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് കുന്നത്തുകാൽ സബ് രജിസ്ട്രാർ ഓഫീസ് മുഖേന പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.** |
| (ബി) | അവരിൽ എത്രപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിച്ച അവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | നിലവിൽ പ്രസ്തുത സ്ഥലത്ത് 5 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇതിൽ 3 പേർ 27.06.2022 ൽ (LA1-89/22, LA1-90/22,LA1-91/22) നെയ്യാറ്റിൻകര തഹസിൽദാർ മുഖേന വില്ലേജ് ഓഫീസർക്ക് ഭൂമി പതിവിനായി അപേക്ഷ നൽകുകയും നിലവിലെ താമസക്കാർക്ക് ആധാരപ്രകാരം വസ്തു ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | അവർക്ക് എന്നത്തേയ്ക്ക് പട്ടയം ലഭ്യമാക്കി നൽകാൻ കഴിയും; ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഫയൽ നമ്പർ ഉൾപ്പെടെ, അറിയിക്കാമോ? | (സി) | നിലവിൽ പ്രസ്തുത സ്ഥലത്ത് 5 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇതിൽ 3 പേർ 27.06.2022 ൽ (LA1-89/22, LA1-90/22,LA1-91/22) നെയ്യാറ്റിൻകര തഹസിൽദാർ മുഖേന വില്ലേജ് ഓഫീസർക്ക് ഭൂമി പതിവിനായി അപേക്ഷ നൽകുകയും നിലവിലെ താമസക്കാർക്ക് ആധാരപ്രകാരം വസ്തു ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ